LIBRARY ARCHIVES Kerala Legislative Assembly

ഗാർഹികാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള കുടിവെള്ള വാട്ടർ മീറ്ററുകളിലെ കേടുപാടുകൾ

93 (985) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിവിധ കുടിവെള്ള പദ്ധതികളിലായി ഗാർഹിക ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളിൽ വാട്ടർ മീറ്ററുകൾ അധികവും കേടായി പ്രവർത്തിക്കാത്തവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്ര വ്യാപകമായി വാട്ടർ മീറ്ററുകൾ കേടാകുന്ന സാഹചര്യത്തിൽ ഇപ്പോൾ ലഭ്യമാകുന്ന ക്ഷമത കുറഞ്ഞ വാട്ടർ മീറ്ററുകൾക്കുപകരം ദീർഘകാലം കേടാകാതെ പ്രവർത്തിക്കുന്ന ഇനം വാട്ടർ മീറ്ററുകൾ വാട്ടർ അതോറിറ്റി വഴി തന്നെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേടായി പ്രവർത്തിക്കാതിരിക്കുന്ന വാട്ടർ മീറ്ററുകൾ നന്നാക്കി സ്ഥാപിക്കാനുള്ള അനുമതി കുടുംബശ്രീ പോലെയുള്ള ചില സ്ഥാപനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി നൽകുന്നുണ്ട്. കേടുപാടുകൾ മാറ്റുവാൻ സാധിക്കാത്ത വാട്ടർമീറ്ററുകൾ മാറ്റിസ്ഥാപിക്കുവാനായി ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകി. മാറ്റി ഘടിപ്പിക്കാറുണ്ട്. ഇതിനായുള്ള മുഴുവൻ ചെലവും ഉപഭോക്താക്കൾ തന്നെയാണ് വഹിക്കേണ്ടത്.

(സി) വാട്ടർ മീറ്റർ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉപഭോക്താവിനുണ്ട്. ഉപഭോക്താവിന്റെ ചെലവിലാണ് വാട്ടർ മീറ്ററുകൾ സ്ഥാപിക്കുക. വാട്ടർ അതോറിറ്റിയുടെ സാമ്പത്തികനില കണക്കിലെടുത്തും ഇതിനായി സംവിധാനങ്ങൾ ഇപ്പോൾ കേരള വാട്ടർ അതൊറിറ്റിയിൽ ഇല്ലാത്തതിനാലും ഈ ഉത്തരവാദിത്വം ഇപ്പോൾ ഏറ്റെടുക്കുന്നതിനു ബുദ്ധിമുട്ടുണ്ട്.

കുടിവെള്ള പദ്ധതികളിൽ നിലവിലുള്ള വാട്ടർ ട്രീറ്റ്മെന്റ് മാർഗ്ഗങ്ങൾ

94 (986) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടിവെള്ള പദ്ധതികളിൽ വാട്ടർ ട്രീറ്റ്മെന്റിന് ഇപ്പോൾ നിലവിലുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണ് ; ഇവ ഓരോന്നിനെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കുടിവെള്ളത്തിന്റെ ഗുണനിലവാരത്തോത് നിർണ്ണയിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സംവിധാനം എന്തൊക്കെയാണ് ;

(സി) ഇവിടെയുള്ള സർക്കാർ കുടിവെള്ള പദ്ധതികളിൽ നിന്നും ജലസാമ്പിൾ പരിശോധനയ്ക്ക് നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഏതൊക്കെ ഗുണനിലവാര നിർണ്ണയപരിശോധനകളാണ് ഈ സ്ഥാപനങ്ങളിൽ നടത്തുന്നതെന്നതിന്റെ വിശദാംശം കൂടി നൽകാമോ ;

(ഇ) ജലഗുണനിലവാരത്തോത് പരിശോധനയിൽ ഗുണനിലവാരം കുറവായിക്കാണിക്കുന്ന പമ്പിംഗ് സ്റ്റേഷനുകളിലെ ജലം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് നിഷ്ക്കർഷിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഭൂഗർഭജലം, നദികൾ, ശുദ്ധജലതടാകങ്ങൾ എന്നിവ സ്രോതസ്സായുള്ള ശുദ്ധജലവിതരണ പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്.

ഭൂഗർഭജലം സ്രോതസ്സായിട്ടുള്ള പദ്ധതികളിൽ കുഴൽക്കിണറുകൾ (ബോർവെൽ), കുഴിക്കിണറുകൾ ഇവ മുഖേനയാണ് ജലസംഭരണികളിൽ ജലം ശേഖരിക്കുന്നത്. ഈ ജലത്തിൽ ഖരമാലിന്യങ്ങളോ കലക്കലോ ഉണ്ടാവാറില്ല. ശേഖരിക്കുന്ന ജലത്തിലെ അണുക്കളുടെ സാന്ദ്രത പരിശോധിച്ചശേഷം ക്ലോറിൻ വാതകം അല്ലെങ്കിൽ ബ്ലീച്ചിംഗ് പൗഡർ ലായനി ഇവ വേണ്ടത്ര തോതിൽ കലർത്തി അണുവിമുക്തമാക്കുന്നു. ഇതിനുശേഷം വീണ്ടും പരിശോധിച്ച് അണുക്കളൊന്നുംതന്നെയില്ല എന്ന് ഉറപ്പുവരുത്തിയതിനുശേഷം വിതരണം ചെയ്യുന്നു.

നദികൾ, ശുദ്ധജലതടാകങ്ങൾ ഇവ സ്രോതസ്സായുള്ള പദ്ധതികളിൽ ഖര മാലിന്യങ്ങൾ ഇല്ലാതെ ജലം ശേഖരിക്കുന്നു. ഖരമാലിന്യങ്ങൾ സംഭരണിയിൽ പ്രവേശിക്കാതിരിക്കത്തക്കവണ്ണം സംഭരണികളിൽ അരിപ്പുകൾ ഘടിപ്പിക്കാറുണ്ട്. ഈ ശേഖരിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നു. അതിനുശേഷം വെള്ളത്തിന്റെ പി. എച്ച്. അളവ്, അതായത് അമ്ലഗുണം ക്ഷാരഗുണം ഇവയെ നിയന്ത്രിക്കുന്ന അളവ്, ക്രമീകരിക്കുന്നതിനായി കുമ്മായം, ആലം ഇവ ആവശ്യമായ അളവിൽ കലർത്തുന്നു. അതിനുശേഷം നിശ്ചലമായി നിൽക്കത്തക്കവണ്ണമുള്ള സംഭരണികളിൽ കടത്തിവിടുന്നു. ഈ സംഭരണികളിൽ വളരെ കുറഞ്ഞ വേഗതയിൽ ചലിക്കുന്ന മത്തിന്റെ ഘടനയിലുള്ള സംവിധാനങ്ങളുണ്ട്. ഇവ ചലിക്കുന്നതുമൂലം വെള്ളത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന അഴുക്കുകൾ മാറ്റപ്പെടുന്നു. ഇങ്ങനെ മാറ്റപ്പെടുന്ന അഴുക്കുകൾ ഒന്നിച്ചു ചേർന്ന് ഘനം കൂടുന്നതനുസരിച്ച് സംഭരണിയുടെ അടിഭാഗത്തേക്ക് അടിയുന്നു. അങ്ങനെ ഏതാണ്ട് മാലിന്യങ്ങൾ മാറ്റപ്പെട്ടതിനു ശേഷം മുകൾഭാഗത്തുനിന്നുമുള്ള വെള്ളം മറ്റൊരു ടാങ്കിലേയ്ക്ക് കടത്തിവിടുന്നു. ഈ ടാങ്കിൽ വിവിധതരത്തിലും വലിപ്പത്തിലുള്ള ചരലും മണലും നിശ്ചിത അളവിൽ അടുക്കിയിട്ടുണ്ടാവും. ഇത് ഒരു അരിപ്പുപോലെ പ്രവർത്തിക്കുന്നു. ഈ അരിപ്പിൽകൂടി വെള്ളം ഊർന്ന് താഴത്തെ തട്ടിൽ എത്തുമ്പോഴേയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

വെള്ളത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന എല്ലാ അഴുക്കുകളും മാറ്റിയെടുക്കപ്പെടും. ഈ വെള്ളത്തിലെ അണുക്കളുടെ നിലവാരം പരിശോധിച്ചശേഷം അണുവിമുക്തമാക്കുന്നതിനായി ആവശ്യമായ അളവിൽ ക്ലോറിൻ വാതകമോ ബ്ലീച്ചിംഗ് പൗഡർ ലായനിയോ കലർത്തുന്നു. വീണ്ടും ജലത്തിലെ അണുക്കളുടെ നിലവാരം പരിശോധിച്ച് അണുക്കൾ ഒന്നും തന്നെയില്ല എന്ന് ഉറപ്പുവരുത്തിയശേഷം വിതരണത്തിനായി തയ്യാറാക്കുന്നു.

(ബി) എല്ലാ ജലശുദ്ധീകരണശാലയിലും ശുദ്ധീകരിക്കേണ്ട ജലത്തിന്റെയും ശുദ്ധീകരിച്ച് വിതരണത്തിനു തയ്യാറാക്കുന്ന ജലത്തിന്റെയും ഗുണനിലവാരം പരിശോധിക്കുവാൻ എല്ലാ ജില്ലകളിലും ലബോറട്ടറികളും ആവശ്യത്തിനുള്ള ജീവനക്കാരുമുണ്ട്. സംസ്ഥാനത്തുടനീളം ഇത്തരം ലബോറട്ടറികളുടെ മേൽനോട്ടം വഹിക്കുവാനും വിവിധ ശുദ്ധജലവിതരണ പദ്ധതികളിലെ ഗുണനിലവാരം പരിശോധിക്കാനുമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലുള്ള മൂന്നു ഡിവിഷനുകളും 3 മേഖല റീജനൽ ലബോറട്ടറികളും ഉണ്ട്.

(സി) ലോകാരോഗ്യസംഘടന നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മാനിച്ച് കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള കേന്ദ്ര പൊതുജനാരോഗ്യവും പരിസ്ഥിതിയുടെയും സ്ഥാപനം തയ്യാറാക്കിയ മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് പാലിക്കുന്നത്. മാനദണ്ഡങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) ഗുണനിലവാരമുള്ള നിർണ്ണയത്തിന് മാനദണ്ഡങ്ങളായി നിശ്ചയിച്ചിട്ടുള്ള എല്ലാ പരിശോധനകളും നടത്തുന്നുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം, ഗുണനിലവാരം നിശ്ചയിച്ചിട്ടുള്ള തോതിൽ വരുത്തുവാനായി ഉത്തരം 'എ'യിൽ പ്രതിപാദിച്ചിരിക്കുന്ന ശുദ്ധീകരണ പ്രക്രിയകൾ നടത്തി ശുദ്ധീകരിച്ച്, ഗുണനിലവാരം തൃപ്തികരമായാൽ മാത്രമേ ജലം വിതരണം നടത്താറുള്ളൂ.

ചേർപ്പ് നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

95 (987) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) താന്ന്യം, ചാഴൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി പ്രത്യേകം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വിശദമാക്കാമോ ;

(സി) ഊരകം പദ്ധതി ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly